**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഹൃദ്യം പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഹൃദ്യം പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കുട്ടികളിലെ ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്താനും, കണ്ടെത്തിക്കഴിഞ്ഞ് കൃത്യമായ സമയത്ത് ശസ്ത്രക്രിയ നടത്താനും യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയാണിത്. വലിയൊരു വിഭാഗം കുട്ടികൾക്കും തുടർ ചികിത്സ ആവശ്യമാണ്. എന്നാൽ രോഗം കണ്ടെത്തിയതിനുശേഷമോ പ്രാഥമിക ചികിത്സ കഴിഞ്ഞോ മിക്ക കുട്ടികൾക്കും തുടർ ചികിത്സയ്ക്ക് വിധേയമാകുന്ന സാഹചര്യമുണ്ടായിരുന്നില്ല. ഇതുമൂലം മരണനിരക്ക് വർദ്ധിച്ചുനിൽക്കുന്ന ഒരു സാഹചര്യമാണ് ഉണ്ടായിരുന്നത്. രോഗം കണ്ടെത്താൻ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും, കൃത്യസമയത്ത് ശസ്ത്രക്രിയ ചെയ്യുന്നതിനും, കൃത്യമായി ഫോളോ അപ്പ് ചെയ്യുന്നതിനുമുണ്ടായിരുന്ന തടസ്സങ്ങൾ ഹൃദ്യം പദ്ധതി വഴി ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. അസുഖത്തിന്റെ തോത് അനുസരിച്ച് യഥാസമയം ശസ്ത്രക്രിയ നടത്താനും, ഫോളോ അപ്പ് യഥാവിധി ചെയ്യാനും ഒരു കൃത്യമായ സംവിധാനം ഹൃദ്യം പദ്ധതിയിൽ ഉണ്ട്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആർ.ബി.എസ്.കെ പദ്ധതി പ്രകാരം കുട്ടികളിലെ ഹൃദ്രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. ഇതിനോടൊപ്പം മുകളിൽ വിവരിക്കും പ്രകാരം യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും, ഫോളോ അപ്പ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ദേശീയ ആരോഗ്യ ദൗത്യം, ഐ.റ്റി വിഭാഗവും, സ്റ്റേറ്റ് ആർ.ബി.എസ്.കെ വിഭാഗവും കൂടി 'ഹൃദ്യം' എന്ന പേരിൽ ഒരു വെബ് സൈറ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ വെബ് സൈറ്റ് വഴി ഹൃദ്രോഗമുള്ള കുട്ടികളെ വെബ് സൈറ്റ് മുഖാന്തരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ |

സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

<u>പ്രവർത്തന രീതി</u>

കുട്ടികളെ ഹൃദ്രോഗം കണ്ടെത്തുന്നതിനായി താഴെപ്പറയും പ്രകാരം സ്ക്രീനിംഗ് നടത്തി വരുന്നുണ്ട്.

1. Delivery Point-കളിലെ സ്ക്രീനിംഗ് : സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളേയും ആർ.ബി.എസ്.കെ മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള visible & functional birth defect സ്ക്രീനിംഗിന് വിധേയരാക്കുന്നു. ഇതിൽ ജന്മനാലുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുഞ്ഞുങ്ങളെ ഒരു ശിശുരോഗവിദഗ്ധന്റെ സഹായത്തോടെ, ECHO ഉൾപ്പെടെയുള്ള പരിശോധന വഴി എത്രയും നേരത്തെ തന്നെ കൃത്യമായി അസുഖം കണ്ടെത്തുന്നു.

സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ഇത്തരം കുട്ടികൾക്ക് ഹൃദ്യം എന്ന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്ത ശേഷം വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

2. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശന വേളയിൽ കുട്ടികളെ പരിശോധിക്കുന്നതിലൂടെയും, അംഗൻവാടികളിലും, സ്കൂളുകളിലും നടത്തപ്പെടുന്ന ആർ.ബി.എസ്.കെ സ്ക്രീനിംഗ് വഴിയും ജന്മനാലുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണമുള്ള കുട്ടികളെ കണ്ടെത്തി, രോഗനിർണ്ണയത്തിനായി ശിശുരോഗവിദഗ്ധന്റെ അടുക്കലേക്ക് എത്തിച്ച്, ECHO ഉൾപ്പെടെയുള്ള വിവിധ പരിശോധനകൾ വഴി എത്രയും വേഗം രോഗനിർണ്ണയം സാധ്യമാക്കുന്നു.

<u>ഹൃദ്യം - Registration & Child Management</u>

രോഗനിർണ്ണയത്തിന് ശേഷം, കുട്ടികളുടെ വിവരങ്ങൾ ഏതൊരാൾക്കും hridyam.in എന്ന സോഫ്റ്റ് വെയറിൽ ചേർക്കാവുന്നതാണ്. ഇതിലേക്കായി എല്ലാ ജില്ലാ ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിലും (DEIC) സോഫ്റ്റ് വെയറിലേക്ക് രജിസ്ട്രേഷൻ സാധ്യമാകുന്ന Login ID -കൾ നൽകിയിരിക്കുന്നു. കേസുകൾ രജിസ്റ്റർ ചെയ്ത ഉടൻ തന്നെ കുട്ടികളുടെ അസുഖം സംബന്ധിക്കുന്ന വിവരങ്ങളും ECHO ഉൾപ്പെടെയുള്ള പരിശോധന റിപ്പോർട്ടുകളും പ്രസ്തുത കേസ് നമ്പറിനോടൊപ്പം ചേർത്ത് അതാത് ഡി.ഇ.ഐ.സി മാനേജർമാർ

| | | | |
|---|---|---|---|
| | | | വെരിഫൈ ചെയ്യുന്നു. അതിനു ശേഷം കേസുകൾ പീഡിയാട്രിക് കാർഡിയോളജിസ്റ്റിന് കാണാൻ സാധിക്കും. ഇവർ റിപ്പോർട്ടുകൾ പരിശോധിച്ച് കേസുകളെ കാറ്റഗറൈസ് ചെയ്യുന്നു. അതിനു ശേഷം കേസുകൾക്ക് സർജ്ജറി ചെയ്യേണ്ട തീയതിയും മറ്റു വിവരങ്ങളും സോഫ്റ്റ് വെയറിലേയ്ക്ക് ചേർക്കുന്നതാണ്. ഇത്തരത്തിൽ ചേർത്ത വിവരങ്ങൾ രക്ഷിതാക്കളെ ഡി.ഇ.ഐ.സി മുഖാന്തരം അറിയിക്കുന്നു.<br><br>F<u>ollow up</u><br><br>സർജിറിക്ക് ശേഷം, സർജറിയുടെ വിശദാംശങ്ങൾ അതാത് ആശുപത്രികൾക്ക് ലഭ്യമായ login id വഴി സോഫ്റ്റ് വെയറിലേക്ക് ചേർക്കാവുന്നതാണ്. ഇതിൽ ആവശ്യമായ follow up തീയതി set ചെയ്യുവാൻ സാധിക്കും. follow up സന്ദർശനത്തിന്റെ ദിവസത്തിന് മുമ്പായി രക്ഷകർത്താക്കൾക്കും, അതാത് ഡി.ഇ.ഐ.സി മാനേജർക്കും alert message- കൾ software അയക്കുതാണ്. എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾ വഴി സർജറി ചെയ്ത കുട്ടികൾക്ക് ഹൃദ്രോഗവുമായി ബന്ധപ്പെട്ട് കൃത്യം ഒരു വർഷത്തെ സൗജന്യ follow up നൽകുതായിരിക്കും. ഇത്തരം follow up പ്രവർത്തനങ്ങൾ അതാത് ഡി.ഇ.ഐ.സി കളുടെ കൃത്യമായ നിരീക്ഷണത്തിലായിരിക്കും. ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ജന്മനാലുള്ള ഹൃദ്രോഗങ്ങൾ ഉള്ള എല്ലാ കുട്ടികളെയും കൂടാതെ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളെയും മുൻകൂട്ടി തയാറാക്കിയിട്ടുള്ള follow up വിസിറ്റ് schedule പ്രകാരം ഫീൽഡ്തല ഫോളോ അപ്പ് / ആവശ്യമെങ്കിൽ ഗൃഹ സന്ദർശനം എന്നിവ RBSK നഴ്സുമാർ മുഖേന യഥാസമയം ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഹൃദ്യം പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ആശുപത്രികൾ, പദ്ധതി പ്രകാരം ഓരോ ആശുപത്രിയും നാളിതുവരെ നൽകിയ സേവനങ്ങൾ, പദ്ധതി പ്രകാരം സേവനം ലഭ്യമായവരുടെ എണ്ണം, പദ്ധതിക്കായി സർക്കാർ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഹൃദ്യം പദ്ധതിലൂടെ 7500ൽ പരം ശസ്ത്രക്രിയകളും, ഇന്റർവെൻഷനുകളും ഇതിനകം നടത്തിയിട്ടുണ്ട്. എസ്.എ.റ്റി (ശ്രീ അവിട്ടം തിരുനാൾ ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ് ആശുപത്രി കോട്ടയം, മെഡിക്കൽ കോളേജ് ആശുപത്രി കോഴിക്കോട് കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചി, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല എന്നീ ആശുപത്രികൾ ആർ.ബി.എസ്.കെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് എംപാനൽ ചെയ്തിട്ടുണ്ട്. ഈ പദ്ധതി വഴി എംപാനൽ ചെയ്ത സർക്കാർ -സ്വകാര്യ ആശുപത്രികളിൽ സർജറി ഉൾപ്പെടെ ചികിത്സകൾ സൗജന്യമായി നൽകി വരുന്നു. ഹൃദ്യം വെബ് സൈറ്റ് |

| | | | |
|---|---|---|---|
| | | | (hridyam.kerala.gov.in) വഴി പൊതുജനങ്ങൾക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 2021-22 സാമ്പത്തിക വർഷത്തിൽ 2514 കുട്ടികൾക്ക് 1655.059 ലക്ഷം രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 2849 കുട്ടികൾക്ക് 1595.055 ലക്ഷം രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ 1922 കുട്ടികൾക്ക് 716.531 ലക്ഷം രൂപയുമായി ആകെ 7285 കുട്ടികൾക്കായി 3966.645 ലക്ഷം രൂപ ഹൃദ്യം പദ്ധതിവഴി സാജന്യ ചികിത്സയ്ക്കായി ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ